മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഞാൻ പറഞ്ഞതു് നല്ലവണ്ണം മനസ്സിലാക്കണം. ട്രഷ്ലിവപേരൂർ പൂരത്തിന്റെ വെടിയെപ്പററി ഇത്രയധികം പറയേണ്ടതില്ല. എല്ലാവർക്കും അറിയാവുന്നതാണു്. അതുകൊണ്ടു് എന്റെ മാന്യസ്നേഹിതൽ ഈ ഉപക്ഷേപം പിൻവലിക്കണമെന്നു ഞാൻ ആവശ്യപ്പെട്ടുകൊള്ളുന്നു.

റാവുബഹദൂർ ടി. കെ. നായർ: സർ, കിട്ടിയ അറിവുമാത്രം ഇവിടെ പറയാം. കട്ട്മോഷൻ കിട്ടിയതിനുശേഷം വയർലസ്സൊന്നും ഉണ്ടായിട്ടില്ല. ലൈസൻസിനുള്ള ഒരു അപേക്ഷ ഫ ഫ വ മീനം ന്യ-ാംനു-യിലും ഒരപേക്ഷ ഫ ഫ വ മീനം വ വ-ാംനു-യിലും ഇവിടെ കിട്ടിയിട്ടുണ്ടു്. അതു പൂരത്തിന്റെ മുമ്പാണു്. അപ്പോൾ എന്റെ മാന്യസ്നേഹിതൻ മിസ്റ്റർ വേലായുധൻ പറഞ്ഞതു് തെററാണു്.

മിസ്റ്റർ കെ. ഐ. വേലായുധൻ: അപേക്ഷ കൊടുത്തതു് ഇടവം വ വ-ാംനു-യാണെന്നാണു് എന്റെ അറിവു്.

റാവുബഹദൂർ ടി. കെ. നായർ: അപ്പോൾ അവരുടെ പേരിൽ തെററില്ല. ഈ കൊല്ലം ഉണ്ടായിട്ടുള്ള സംഭവം മേലാൽ ഉണ്ടാകാതിരിപ്പാൻവേണ്ടി എന്താണു് ചെയ്യേണ്ടതു എന്നുള്ളതിനെപ്പററി ഗവമ്മെണ്ടു് ആലോചിക്കുന്നുണ്ടു്. അതിനു എത്രമാത്രമാണു് സഹകരിക്കേണ്ടതു് എന്നുള്ളതിനെപ്പററി പോലീസു് കമ്മീഷണർക്കും ഡിസ്ട്രിക്ടു് മജിസ്ട്രേട്ടിനോടും ചോദിച്ചിട്ടുണ്ടു്.

ഇനി ഒരു സംഗതി ഞാൻ പറയാം. അവിടെ ആളുകൾക്കു് ഇരിക്കുവാനുള്ള സൌകര്യങ്ങൾ ഉണ്ടു്. എന്നാൽ ആളുകൾ പോയി വെടിക്കെട്ടു നല്ലവണ്ണം കാണുന്നതിനുവേണ്ടി അമിട്ടു പൊട്ടിക്കുന്ന സ്ഥലത്തുപോയിരിക്കും. ചില ആളുകൾ അവിടെ കിടന്നുറങ്ങും. അങ്ങിനെയുള്ളവരുടെ മേൽ അമിട്ടുവീണു ഒരാൾ മരിക്കുകയാണെങ്കിൽ അമിട്ടിനെ എത്രത്തോളം തെറിപ്പിക്കയാം.

മിസ്റ്റർ കെ. ഐ. വേലായുധൻ: അമിട്ടു വെക്കുന്ന സ്ഥലത്തല്ല വീഴുന്നതു്. ഒരു ഫർലോങ്ങു് ദൂരെയാണു് വീഴുന്നതു്.

റാവുബഹദൂർ ടി. കെ. നായർ: അത്രത്തോളമൊന്നും പോയില്ല വെടിക്കെട്ടുള്ള സ്ഥലത്തു ആളുകൾ ബോധത്തോടുകൂടി പെരുമാറണം. പൂരത്തിനു പോയാൽ യാതൊരു അനിഷ്ടസംഭവങ്ങളും അവിടെയുണ്ടാകാതെ സൂക്ഷിക്കേണ്ട ചുമതല ഗവമ്മെണ്ടിനില്ലെന്നല്ല ഞാൻ പറയുന്നതു്. കൊള്ളാത്തിയ ആളുടെ കയ്യിൽ കൂടിയല്ല ഇങ്ങിനെ ഒരപകടം വന്നിട്ടുള്ളതു്. അപകടം കൂടാതെ കഴിക്കുവാനുള്ള ചില നടപടികളൊക്കെ ഗവമ്മെണ്ടു നടത്തുന്നുണ്ടു് എന്നു മാത്രമേ എനിക്കു ഈ വിഷയത്തിൽ പറയുവാനുള്ളൂ. ചീഫ് മെഡിക്കൽ ആഫീസർക്കു ഇതിൽ തെററില്ലെന്നു എനിക്കു കൂടി പറയേണ്ടതുണ്ടു്.

മിസ്റ്റർ കെ. ഐ. വേലായുധൻ: സർ, ഞാൻ ഇവിടെ പറഞ്ഞതു് ചിലർ തെററിദ്ധരിച്ചു എന്നു തോന്നുന്നു. പൂരം ഏററവും ആഘോഷമായി നടത്തണം. പക്ഷെ ആൾക്കാർ മരിക്കുവാൻ പാടില്ലെന്നെ പറയുന്നുള്ളൂ. അതു് മേലിൽ ഉണ്ടാകാതെ ഗവമ്മെണ്ടു് സൂക്ഷിക്കാമെന്നു പറഞ്ഞതുകൊണ്ടു് ഈ ഖണ്ഡനോപക്ഷേപം പിൻവലിക്കുവാൻ സഭയുടെ അനുവാദം ആവശ്യപ്പെട്ടുകൊള്ളുന്നു.

Motion, by leave, withdrawn

3. Encouragement to Homoeopathic system of treatment

Mr. M. K. Raja: Sir, I move "To readuce the allotment of Rs. 15, 24, 467 under Medical in Demand No. 26 by Re. 1. (In order to impress on the Government the desirability of giving a recognised place and due encouragement to the homoeopathic system of treatment in the scheme of medical relief in the State)". സർ, ഈ നിയമസഭയുടെ ചരിത്രത്തിൽ അത്ഭുതപൂർവ്വമായ ഒരു സംഭവമാണു് ഇപ്പോൾ ഇവിടെ ഉണ്ടായതു്. ഇത്രവളരെ ഉപക്ഷേപങ്ങളും, ഇത്രയുംവളരെ ചൂടുള്ളതായ സമയംകൊണ്ടു്, അവതരിപ്പിക്കാതെ അവതാരകന്മാർ ഊരിക്കൊണ്ടുപോകുകയാണുചെയ്യുന്നതു്. ഇതു് ഈ വകുപ്പിന്റെ ചരിത്രത്തിൽ ഇതിനുമുമ്പുണ്ടായിട്ടുണ്ടു് എന്നു തോന്നുന്നില്ല. മെഡിക്കൽ വകുപ്പിന്റെ ഭരണത്തെസംബന്ധിച്ചിടത്തോളം ഇതുപോലെയും അസാധാരണമായ ഈ പ്രശംസ സമ്പാദിക്കുവാനുള്ള സന്ദർഭമുണ്ടായ ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അഭിനന്ദിച്ചുകൊള്ളുന്നു.

എന്റെ ഉപക്ഷേപത്തിൽ ഞാൻ ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്ന നിർദ്ദേശം നമ്മുടെ രാജ്യത്തിലെ വൈദ്യസഹായ വികസനത്തിനു ഉപകാരപ്രദമായ ഒന്നായി

LIBRARY ARCHIVES Kerala Legislative Assembly

രിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നതു്. സർ, ഏതു രാജ്യത്തും നാട്ടുകാക്കു വൈദ്യസഹായം ചെയ്തുകൊടുക്കാനുള്ള പദ്ധതികളെപ്പറ്റി ആലോചിക്കുമ്പോൾ രണ്ടുമൂന്നു സംഗതികളാണ് പ്രധാനമായുംഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ ഉണ്ടായിരിക്കേണ്ടതു്. ഒന്നാമതു്, ആദാകരമായ രീതിയിൽ ചികിത്സാസൌകര്യം ജനങ്ങൾക്കു കിട്ടുവാൻവേണ്ടമാർഗ്ഗം, രണ്ടാമതു് ചികിത്സാ സമ്പ്രദായം ജനങ്ങളുടെ കഴിവിനും സൌകര്യത്തിനും അനുയോജ്യമായവിധത്തിൽ ആയിരിക്കണം, മൂന്നാമതു് ചികിത്സാസമ്പ്രദായം എന്തുതന്നെയായാലും വേണ്ടില്ല അതിനു രോഗനിവാരണത്തിനുള്ള കഴിവുണ്ടാവണം. ഈ മൂന്നു മാനദണ്ഡങ്ങൾ വെച്ചു നോക്കിയാലും ഹോമിയോപ്പതി സമ്പ്രദായത്തിനു് മറ്റുസമ്പ്രദായങ്ങളെ അപേക്ഷിച്ചു് പ്രധാനമായ ചില മെച്ചങ്ങളുണ്ടെന്നാണ് എന്റെ സ്വാനുഭവം എന്നെ മനസ്സിലാക്കിയിട്ടുള്ളതു്. ഇന്നു ഇൻഡ്യയിലെ വൈദ്യസഹായ സമ്പ്രദായം വളരെ വളരെ പരിമിതമാണെന്നുള്ളതും ഇതിലും എത്രയൊ വമ്പിച്ച തോതിലുള്ള ഒരു വൈദ്യസഹായഘടന നമുക്കുണ്ടാകണമെന്നുള്ളതും വളരെ പ്രസിദ്ധമായ ഒരു സംഗതിയാണു്. ഇന്നു ഇൻഡ്യയിൽ ആകെയുള്ള നാല്പത്തേഴായിരമൊ അമ്പതിനായിരമൊ ഡോക്ടർമാരുടെ സംഖ്യ ൪ ലക്ഷമായി വർദ്ധിപ്പിച്ചാലും സാധുക്കളായഗ്രാമീണജനങ്ങൾക്കു ആ ഡാക്ടർമാരുടെ സഹായം അനുഭവിക്കുവാൻ അവരുടെ ദാരിദ്ര്യംമൂലം സാധിക്കുകയില്ലെന്നുവെങ്കിൽ അത്തരത്തിലുള്ള വൈദ്യസഹായംകൊണ്ടു നമുക്കു യാതൊരു മെച്ചവുമുണ്ടാവാനില്ല. ഹോമിയോപ്പതിക്കു അലോപ്പതിയെക്കാളും ആയുർവ്വേദത്തെക്കാളും മറ്റു മെച്ചമുള്ളതു് അതു വളരെ ആദായകരമായ ഒരു ചികിത്സാ സമ്പ്രദായമാണു് എന്നുള്ളതാണു്. എന്റെ അനുഭവത്തിൽപെട്ട ചിലസംഗതികൾ പറയുവാൻ എനിക്കു സാധിക്കും. ഫ്രൻ ർന-ൽ മലബാറിൽ വമ്പിച്ച തോതിലുള്ള ഒരു പകർച്ചവ്യാധി, കോളറ, പിടിപെട്ടതായി ഈസഭ ഓർക്കുന്നുണ്ടായിരിക്കും. ഏതാണ്ടു മുപ്പതിനായിരം സാധുജനങ്ങളുടെ ജീവനെ അപഹരിച്ച ആ മഹാമാരിയുണ്ടായകാലം ഞാൻ കോഴിക്കോട്ടു പ്രവൃത്തിയെടുത്തിരുന്ന കാലമായിരുന്നു. അന്നു ഞങ്ങളിൽ ചിലർ രോഗനിവാരണത്തിനുവേണ്ടി ഒരു റിലീഫ് കമ്മറ്റി സ്ഥാപിച്ചു. അന്നു ഞങ്ങളെ ഞങ്ങളുടെ പ്രവൃത്തിയിൽ ഏറ്റവും സഹായിച്ചതു് ഹോമിയോപ്പതി മരുന്നുകളായിരുന്നു. അലോപ്പതി സമ്പ്രദായത്തിലും ആയുർവ്വേദ സമ്പ്രദായത്തിലും ഉള്ള ചികിത്സ നടത്തുകയാണെങ്കിൽ പത്തും പന്ത്രണ്ടണയും വരുന്ന സ്ഥാനത്തു ഹോമിയോപ്പതി മരുന്നുകൾക്കായി രോഗിയൊന്നിന് ഒന്നോ ഒന്നരയോ അണയെ ഞങ്ങൾക്കു വേണ്ടിവന്നുള്ളു. അന്നു ഏതാണ്ടു് ൧൫,൦൦൦ രോഗികളെ ഫലപ്രദമായ രീതിയിൽ ഞങ്ങൾക്കു് ചികിത്സിക്കുവാനും മൃത്യുവക്ത്രത്തിൽ നിന്നു രക്ഷിക്കുവാനും സാധിച്ചതു് അധികവും ഹോമിയോപ്പതിയുടെ സഹായംകൊണ്ടായിരുന്നു.

ഇനി ഇതിന്റെ ഫലത്തെപറ്റിയാണു് പറയാനുള്ളതു്. ഇതിലും എന്റെ അനുഭവത്തിൽനിന്നു ഉദാഹരണങ്ങൾ എടുത്തു പറയുവാൻ സാധിക്കും. ഞാൻഒരു ചികത്സാസമ്പ്രദായത്തേയും കുറച്ചുപ്പെടുത്തണമെന്നോ അതിന്റെ ശാസ്ത്രീയാടിസ്ഥാനത്തെ ചോദ്യംചെയ്യണമെന്നോ ഉദ്ദേശിക്കുന്നില്ല. വളരെ സുപ്രസിദ്ധന്മാരായ പല അലോപ്പതി ഡാക്ടർമാരും ആയുർവ്വേദവൈദ്യന്മാരും അസാദ്ധ്യമാണെന്നു പറഞ്ഞു കയ്യൊഴിച്ചുവളരെ സുഖക്കേടുകൾ ഹോമിയോപ്പതി സമ്പ്രദായംകൊണ്ടു് സുഖപ്പെട്ടിട്ടുള്ളതായി എനിക്കറിയാം. എന്റെ അനുഭവത്തിലുണ്ടായ ഒരു സംഭവം പറയട്ടെ. കോഴിക്കോട്ടു് സാമൂതിരി കോളേജിലെ ഒരദ്ധ്യാപകൻ അദ്ദേഹത്തിനു ഒരു സുഖക്കേടു്, മഞ്ഞപ്പിത്തംപിടിപെട്ടു. കോഴിക്കോട്ടുള്ള ഏറ്റവും മികച്ച ഡാക്ടർമാരുടെ, സുപ്രസിദ്ധന്മാരായ ഡാക്ടർമാർപോലും ഒരു അസാദ്ധ്യമായ കേസ്സായി അതിനെ തള്ളി.

At this stage Hon'ble President vacated the Chair and Panel Chairman, Mr. K. T Achuthan, B. A., B. L., took the Chair.

രോഗി ക്രമേണ മരണത്തിലേക്കു് അടുക്കുകയായിരുന്നു. അങ്ങിനെ ഡാക്ടർമാരാൽ കൈയ്യൊഴിക്കപ്പെട്ട അദ്ദേഹത്തോടു് ഹോമിയോപ്പതി പരീക്ഷിക്കുവാൻ ചിലർ ഉപദേശിച്ചു. അതനുസരിച്ചു കോഴിക്കോട്ടുള്ള ഒരു ഹോമിയോപ്പതി വൈദ്യൻ അദ്ദേഹത്തെ ചികിത്സിക്കാൻ തുടങ്ങി, സഭ വിശ്വസിക്കുമൊ എന്നറിഞ്ഞുകൂടാ, ആദ്യത്തെ ഡോസു മരുന്നുകൊണ്ടു രോഗത്തിന്നാശ്വാസം കണ്ടു. ഒരാഴ്ചക്കുള്ളിൽ അതു ക്രമത്തിൻ ഇറക്കമായി. ഇന്നു ആ അദ്ധ്യാപകൻ ആരോഗ്യവാനായി പഴയപോലെ അദ്ധ്യാപകജോലി തുടർന്നുവരുന്നു. ഏറണാകുളത്തുതന്നെ ഹോമിയോപ്പതി ചികിത്സാസമ്പ്രദായത്തിൽ "ഡെൻറ ജോസഫ്സ" പൂവ്വർ ഡിസ്പെൻസറി" എന്ന പേരിൽ ഒരു ഡിസ്പെൻസറി നടത്തിവരുന്നുണ്ടു്

LIBRARY ARCHIVES Kerala Legislative Assembly

[Mr. M. K. Raja]

ഞാൻ രണ്ടു ദിവസംമുമ്പു് ആ ഡിസ്പെൻസറി സന്ദർശിക്കുകയുണ്ടായി. അവരുടെ കേസ്സു് ഡയറിയിൽ പല അസാദ്ധ്യരോഗങ്ങളും പല ഡാക്ടർമാരും ആയുർവ്വേദ വൈദ്യന്മാരും ഉപേക്ഷിച്ചു രോഗങ്ങളും അവിടെ ചികത്സിച്ചു സുഖപ്പെടുത്തിട്ടുള്ളതായി രേഖപ്പെടുത്തീട്ടുണ്ടു്. Retenites Haemorrhagica എന്നു പറയുന്ന ഒരു സുഖക്കേടുണ്ടു്. കണ്ണിനുള്ളിൽ രക്തം വന്നു നിറയുകയാണു് ഇതിന്റെ ലക്ഷണം. ഈ സുഖക്കേടുള്ള ഒരു രോഗിയെ എറണാകുളത്തെ സെൻറ് ജോസഫ്സ് പൂവ്വർ ഡിസ്പെൻസറിയിൽ ഞാൻ കണ്ടു. രോഗി എറണാകുളത്തുകാരിയാണു്. ഒരുരോഗം മഴവന്നും ഭയങ്കരമായ വേദനയോടുകൂടി രോഗം തുടങ്ങുന്നു. അതോടുകൂടി ആ രോഗത്തെ കണ്ണിനു കാഴ്ചയില്ലാതാവുകയും കണ്ണിനുള്ളിൽ രക്തം നിറഞ്ഞു് കണ്ണു പുറത്തേക്കു തുറിക്കയും ചെയ്യുന്നു. രോഗി എറണാകുളം ജനറലാശുപത്രിയെ ശരണം പ്രാപിക്കയും അവരുടെ തലവേദന സ്വല്പം ഭേദമാവുകയും ചെയ്തു. എന്നാൽ അതോടുകൂടി വലതു കണ്ണിനു കാഴ്ച തീരെയില്ലാതായി. കുറച്ചു ദിവസങ്ങൾക്കുശേഷം സുഖക്കേടു തലയുടെ മറുഭാഗത്തു് പൂർവ്വാധികം ശക്തിയോടുകൂടി തുടങ്ങി. ഹോമ്യോപ്പതി ചികിത്സ തുടങ്ങുമ്പോൾ, രോഗിയുടെ രണ്ടു് കണ്ണിനും കാഴ്ചയുണ്ടായിരുന്നില്ല. ഇടതു കണ്ണു തുടുത്തു തുറിച്ചിരുന്നു. തലയിൽ തൊടാൻ പാടില്ലാത്തവണ്ണം കഠിനമായ വേദനയും. ഒരൊറ ഡോസ് മരുന്നു കഴിച്ചുശേഷം രോഗി ഡിസ്പെൻസറിയിൽതന്നെ കിടന്നു. അര മണിക്കൂറിനുള്ളിൽ തലവേദനക്കാശ്വാസമായി. ആ കണ്ണിനു കാഴ്ചയില്ലാതിരുന്ന രോഗി പിറെറ ദിവസം തനിയെയാണു് ഡിസ്പെൻസറിയിൽ വന്നതു്. ഇന്നു ഹോമ്യോപ്പതി ചികിത്സമൂലം അവരുടെ സുഖക്കേടു് ക്രമത്തിൽ ഭേദപ്പെട്ടവരുന്നു.

ഇങ്ങിനെ നോക്കുകയാണെങ്കിൽ ഹോമിയോപ്പതി ചികിത്സാസമ്പ്രദായത്തിനു് മറെറ ചികത്സാസമ്പ്രദായങ്ങൾക്കു ചെയ്യുവാൻ സാധിക്കാത്തതായ പല അത്ഭുതകൃത്യങ്ങളും നിവ്വഹിക്കുവാൻ കഴിഞ്ഞിട്ടുണ്ടു് എന്നു കാണാം. ചിലർ ഇവിടെ പറഞ്ഞുകേൾക്കാവുണ്ടു്, അലോപ്പതി സമ്പ്രദായമൊഴിച്ചുള്ള മറെറ ചികത്സാസമ്പ്രദായങ്ങളെല്ലാം അശാസ്ത്രീയമാണെന്നു്. അതു വളരെ അസംബന്ധമാണെന്നു്, നിരർത്ഥകമാണെന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. പണ്ഡിറു് ജവഹർലാൽ നെഹറുവിനെപ്പോലുള്ള ഒരു മഹാൻപോലും ഇത്തരത്തിലുള്ള ഒരു അബദ്ധത്തിലേക്കു വഴുതി വീഴാമെങ്കിൽ അല്പേഹത്തേക്കാൾ എളിയ വ്യക്തികൾ അതാവർത്തിച്ചു് പറയുകയാണെങ്കിൽ അതിൽ അത്ഭുതമില്ല. ഒരു ചികിത്സാസമ്പ്രദായത്തെ പരിശോധിക്കുമ്പോൾ, അതിന്റെ അടിസ്ഥാനതത്വശാസ്ത്രത്തെ പരിശോധിച്ചു നോക്കുമ്പോൾ, എനിക്കു പലപ്പോഴും തോന്നീട്ടുണ്ടു്, അതിന്റെ ശാസ്ത്രീയവശത്തെപ്പററി വാദിച്ചുനില്ക്കുന്നതിലും ഭേദം ആ സമ്പ്രദായംകൊണ്ടു് ജനങ്ങൾക്കു യഥാർത്ഥത്തിൽ ഗുണം കിട്ടുന്നുണ്ടൊ എന്നു നോക്കുകയാണു് വേണ്ടതു് എന്നു്. കൊച്ചിയിൽ ആയുർവ്വേദത്തിനു ഔദ്യോഗികാംഗീകരണം നൽകുന്ന പ്രശ്നം ഉത്ഭവിച്ചപ്പോഴും ഈ ശാസ്ത്രീയകുത്തകവാദികൾ അതിനെതിരായി മുറവിളി കൂട്ടിയതു് നമുക്കോർമ്മയുണ്ടു്. സർ, സാമ്പത്തികലോകത്തിൽ മാത്രമല്ല, ശാസ്ത്രീയലോകത്തിലും ഉണ്ടു് കുത്തകവാദികൾ. സുപ്രസിദ്ധന്മാരായ അംഗ്ലൈദ്യന്മാർപോലും കൊള്ളരുതാത്തവരാണെന്നും, ജനങ്ങളുടെ ആരോഗ്യത്തെ ഇതുപോലുള്ള മുറിവൈദ്യന്മാരുടെ കൈയ്യിലേല്പിക്കുന്നതു് അപകടമാണെന്നും അവരുന്നു പറഞ്ഞു.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: വിവരമില്ലാത്തവരാണു് അങ്ങിനെ പറയുന്നതു്.

മിസ്റ്റർ എം കെ. രാജ: അവരെ നമുക്കു കണക്കാക്കേണ്ട. ഞാൻ നേരത്തെ പറഞ്ഞതുപോലെ രണ്ടുദിവസംമുമ്പു് ഞാൻ സന്ദർശിച്ച എറണാകുളത്തുള്ള ഒരു ഹോമിയോപ്പതി ഡിസ്പെൻസറിയിൽ (സെൻറ് ജോസഫ്സ് പൂവ്വർ ഡിസ്പെൻസറി) ദിവസവും എമ്പതോ നൂറൊ ആളുകൾ പോയി മരുന്നു വാങ്ങി വരുന്നതായി കണ്ടു. രോഗംകൊണ്ടവശരായവർ, ആസ്പത്രിയിൽ പോയി ചികത്സിക്കാൻ തക്ക ധനസ്ഥിതിയൊ സൌകര്യമൊ ഇല്ലാത്ത ഈ സാധുക്കളിൽ ഫ ൦ ൦-൦ ഫ൨൦-൦ പേർ ദിവസവും അവിടെ പോയി മരുന്നു വാങ്ങുവാൻ തിങ്ങിക്കൂടുന്നതുതന്നെ ഈ സമ്പ്രദായത്തിന്റെ ഉപയോഗ്യതയെ തെളിയിക്കുന്നില്ലെ? നമ്മുടെ നാട്ടിൽ ദരിദ്രപക്ഷം ജനങ്ങൾക്കും ഗവൺമെണ്ടിന്റെ ഇപ്പോഴത്തെ ചികത്സാസഹായസമ്പ്രദായത്തിന്റെ ഗുണങ്ങൾ എത്തിച്ചു കൊടുക്കുവാൻ സാദ്ധ്യമല്ല. നമുക്കു ഇപ്പോൾ വേണ്ടിടത്തോളം ഡാക്ടർമാരില്ല; ഡിസ്പെൻസറികളില്ല; മരുന്നും കിട്ടുന്നില്ല. ഞാൻ പറയുന്ന അലോപ്പതി സമ്പ്രദായത്തിലോ, ആയുർവ്വേദസമ്പ്രദായത്തിലോ ഉള്ള വൈദ്യസഹായം ഗവൺമെണ്ടിനു് എത്തിച്ചുകൊടുക്കാൻ സാധിക്കാത്ത സ്ഥലങ്ങളിലെങ്കിലും ആദായകരമായ ഈ ഏർപ്പാടുകൊണ്ടു് വളരെ വിലയേറിയ വൈദ്യസഹായം, ഗ്രാമീണർക്കു ചെയ്തുകൊടുക്ക

LIBRARY ARCHIVES Kerala Legislative Assembly

വാൻ സാധിച്ചാൽ അതു വളരെ ഉപകാരമായിരിക്കുംഎന്നു് ഗവമ്മെണ്ടു് ഈ നിർദ്ദേശം വള രെ അനുഭാവപൂർവ്വം വീക്ഷിക്കുമെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. എനിക്കു ഗവമ്മെണ്ടി നോടു പറയുവാനുള്ളതു് ഇത്രമാത്രമാണു്. നമ്മുടെ നാട്ടിലെ ഏതാണ്ടു് വ്യം ശതമാനത്തോ ളം വരുന്ന ഗ്രാമീണർക്കു് ഇന്നു വൈദ്യസഹായം കിട്ടിവരുന്നില്ലെന്നു ബഹുമാനപ്പെട്ട മന്ത്രി അവർകൾതന്നെ ഈ സഭയിൽ പലപ്പോഴും പറയുകയുണ്ടായിട്ടുണ്ടു്. എല്ലാ ദിക്കുകളിലും ഡിസ്പെൻസറികളും ആശുപത്രികളും ഉടനടി നിർമ്മിച്ചുകൊടുക്കുവാൻ സാധ്യമല്ലെന്നു വ്യ ക്തമാണു്. ഇന്നു വൈദ്യസഹായകേന്ദ്രങ്ങളില്ലാത്ത പ്രദേശങ്ങളിൽ, ഗവമ്മെണ്ടു് വകയായി ഹോമിയൊപ്പതി ഡിസ്പെൻസറികൾ ഇപ്പോൾ തുടങ്ങണമെന്നു പറയുന്നില്ല, വല്ല ഹോ മിയോപ്പതി ഡാക്ടർമാരും അവിടെ പ്രാക്ടീസ്സു് ചെയ്യുന്നുണ്ടെങ്കിൽ അവർക്കു വേണ്ട പ്രോത്സാ ഹനമെങ്കിലും ചെയ്തുകൊടുക്കണമെന്നുമാത്രമാണു്. വേണമെന്നുണ്ടെങ്കിൽ അവർക്കു ധനസ ഹായവും ചെയ്തുകൊടുക്കണം. ഞാൻ പറഞ്ഞ പരിപാടി ഗവമ്മെണ്ടു് നിർവ്വഹിക്കുവാൻ തയ്യാറുണ്ടെങ്കിൽ ഇന്നു ഡിസ്പെൻസറിക്കും ആസ്പത്രിക്കും വേണ്ടിയുള്ള മുറവിളിക്കു കുറച്ചെ കിലും ഒരു സമാധാനമുണ്ടാക്കുവാൻ കഴിയും. ഇന്നു ഹോമിയോപ്പതിക്കു ബങ്കാളിലും ബ റോഡയിലും മദ്രാസിലും ഔദ്യോഗികമായ അംഗീകരണം കിട്ടിയിട്ടുണ്ടു്. മദ്രാസ്സിൽ കോൺഗ്രസ്സു് മന്ത്രിസഭ വന്നതിനുശേഷം പ്രായോഗികമായ പല നടപടികളും അവരെടുത്തു കഴിഞ്ഞിട്ടുണ്ടു്. അവിടെ ഹോമ്യോപ്പതിയെ സാർവ്വത്രികമാക്കുന്നതിനു പറ്റിയ സമഗ്രമാ യ ഒരു പദ്ധതി തയ്യാറാക്കുവാനായി ഒരു കമ്മറ്റി ഡയറക്ടറെ നിയമിച്ചിട്ടുണ്ടു്. അ തിനു പണച്ചിലവൊന്നുമില്ല. അതിവിടേയും സ്വീകരിക്കാവുന്നതാണു്.

ഹോമിയോപ്പതിയുടെ ശാസ്ത്രീയവശത്തെപ്പറ്റി പറയുമ്പോൾ അതിനെക്കുറിച്ചു് ഒരു ചെറിയ ഉദാഹരണം ഇവിടെ ചെയ്യുവാൻ ഞാൻ സഭയുടെ അനുവാദം ചോദിക്കുന്നു. ഇവി ടത്തെ ചീഫു് മെഡിക്കലാപ്പീസരായിരുന്ന ഡാക്ടർ വി. വി. വർഗ്ഗീസ്സു് ചെയ്തിരുന്ന പ്രസം ഗത്തിന്റെ ഒരു ഭാഗമാണു് ഇതു്.

"To my brother practitioners I make bold to say that though the Homoeopathic system of Medicine is not a complete thing by itself, instances are not wanting where Homoeopathy has rendered meritorious services by the side of the sick bed. I even now remember a few cases where the extremely small doses of Homoeopathy cured complaints which defied all other treatments. In cases of Cholera especially, I have seen their medicines snaching, as it were, the patients from the very jaws of dea h. The latest investigations in science have proved beyond doubt the efficacy of small doses, thus giving a scientific basis of Homoeopathy. Let us not decry the Homoeopathic system of Medicine because we have not had the opportunity of understanding it."

അലോപ്പതി സമ്പ്രദായത്തേക്കാളും ആയുർവ്വേദസമ്പ്രദായത്തേക്കാളും വളരെ ആദായകര മായ നിലയിൽ അത്രതന്നെ ഫലപ്രദമായി ഹോമിയോപ്പതി സമ്പ്രദായത്തിലുള്ള ചിക ത്സയെ നാട്ടുകാർക്കുവേണ്ടി വിനിയോഗിക്കുവാൻ കഴിയും, അതുകൊണ്ടു് ഗവമ്മെണ്ടിന്റെ അംഗീകരണത്തിനായി ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

മിസിസ്സു് കെ. എം. ആർ. മേനോൻ: I second it.

മിസിസ്സു് ടി. ഫ്രാൻസിസ്സു്: സർ, ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുക യാണു് ചെയ്യുന്നതു്. (ഹിയർ, ഹിയർ). ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ പല സംഗതിയിലും ഹോമിയോപ്പതി സഫലമായി ഭവിച്ചിട്ടുണ്ടു്. അതുപോലെ ഹോമിയോ പ്പതി കൈയൊഴിച്ച പല കേസുകളും നാട്ടുചികത്സകൊണ്ടും അലോപ്പതികൊണ്ടും സുഖ പ്പെട്ടിട്ടുണ്ടു്. അതുപോലെ നാട്ടുചികിത്സകൊണ്ടു് യാതൊരു സുഖവും കിട്ടാത്ത സുഖ ക്കേടു് അലോപ്പതികൊണ്ടു് സുഖപ്പെട്ടിട്ടുണ്ടു്. അലോപ്പതികൊണ്ടു് സുഖമില്ലാഞ്ഞ പ ലതും നാട്ടുചികിത്സകൊണ്ടു മാറിയിട്ടുമുണ്ടു്. ഇതൊന്നുമല്ല എന്റെ അഭിപ്രായം. ഹോ മിയോപ്പതികൊണ്ടു് മ ഡ വൈഫറി, സർജറി ഈ രണ്ടു മഹാകാര്യങ്ങളും നടത്തുവാൻ അ വർക്കു സാധ്യമല്ല. ഇതു കൂട്ടികൊടുക്കുവാൻ വളരെ സാധുള്ള മനുഷ്യനാണു്. മൈനർ സുഖക്കേടുകൾ ഇതുകൊണ്ടു സുഖമാകും. ചില കോണിക്കിൽ ഡിസീസും സുഖമാകയില്ലെന്നു ഞാൻ പറയുന്നില്ല. അലോപ്പതി ഡിസ്പെൻസറിയുള്ള സ്ഥലത്തു് ഇതുംകൂടിവെച്ചു് ഒരു ഡാ ക്ടറെ പ്രോത്സാഹിപ്പിച്ചാൽ വിരോധമില്ല. കുറച്ചെടുത്തുവാനുള്ള മനസ്സോടുകൂടി വര രുതു്. ചികിത്സിക്കുവാനുള്ള നല്ല മനസ്സോടുകൂടി വരണം. അതുകൊണ്ടു് ഈ ഹോമി യോപ്പതിയെ പ്രോത്സാഹിപ്പിക്കണമെന്നു പറയുന്നതിനോടു ഞാൻ യോജിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മിസിസ്സ് കെ. എം. ആർ. മേനോൻ: സർ, ഞാൻ ഈ ഉപക്ഷേപത്തെ ശക്തിയായി പിന്താങ്ങുന്നു. എന്നാൽ അതു് അലോപ്പതിയും ഹോമിയോപ്പതിയും തമ്മിലുള്ള വ്യത്യാസം എടുത്തു കാണിക്കണമെന്നു ഉദ്ദേശിച്ചോ അതല്ല അലോപ്പതി ചെയ്യുന്ന മാതിരി ഹോമിയോപ്പതിക്കും ചെയ്യുവാൻ സാദ്ധ്യമാകും എന്നു തെളിയിക്കുവാനൊ അല്ല. ഇതിനുമുമ്പു് അവതാരകന്റെ പ്രസംഗത്തിൽ ഹോമിയോപ്പതിക്കു ചെയ്യുവാൻ കഴിഞ്ഞിട്ടുള്ളതായ പല കേസ്സുകളും എടുത്തുകാണിക്കുകയുണ്ടായി. എന്നാൽ ആ സുഖക്കേടുകൾ മറ്റു ചികിത്സകൊണ്ടു മാറുമായിരുന്നില്ല എന്നു പറയുവാനും സാദ്ധ്യമല്ല. ഹോമിയോപ്പതി ചികിത്സാസമ്പ്രദായം ആദ്യമായി ഇന്ത്യയിൽ ബങ്കാളിലാണു് തുടങ്ങിയിട്ടുള്ളതു്. ഇപ്പോഴും, അധികപക്ഷവും ബങ്കാളിൽ മുന്നണിയിലാണു് ഹോമിയോപ്പതി ചികിത്സാസമ്പ്രദായം നില്ക്കുന്നതു്. കേരളത്തിൽ ആയുർവ്വേദ ചികിത്സ മുന്നണിയിൽ നിന്നിരുന്നതുകൊണ്ടായിരിക്കാം ഈ ഹോമിയോപ്പതിക്കു ഇവിടെ നല്ല ഒരു സ്ഥാനമില്ലാതെപോയതു്. രോഗം ശരിക്കു കണ്ടുപിടിക്കുവാൻ സാധിച്ചു എന്നുവരികിൽ ഒരു ഹോമിയോപ്പതി ഡാക്ടക്കു എത്ര പഴക്കംചെന്ന സുഖക്കേടായാലും ഒന്നൊ രണ്ടൊ അല്ലെങ്കിൽ അഞ്ചൊ ആറൊ ഡോസുമരുന്നുകൊണ്ടു് ആ സുഖക്കേടു മാറ്റുവാൻ കഴിയുമെന്നു പലേ ദൃഷ്ടാന്തങ്ങളുമുണ്ടു്. പിന്നെ എത്ര ചികിത്സ ചെയ്താലും ആയുസ്സിന്നു വല്ലുപ്പമുണ്ടെങ്കിൽ മാത്രമേ ജീവിക്കുകയുള്ളു. അതുകൊണ്ടു മരിക്കുന്നതു് മരുന്നിന്റെ ദോഷം കൊണ്ടാണെന്നു പറയുവാൻ തരമില്ല. ശ്രീമാൻ രാജു പറഞ്ഞതായ ആ കണ്ണിന്റെ സുഖക്കേടു ഞങ്ങൾ കണ്ടിട്ടുള്ളതാണു്.

മിസ്റ്റർ പത്തൂർ അച്യുതമേനോൻ: ബഹുമാനപ്പെട്ട ലേഡി മെമ്പറും കണ്ടിട്ടുണ്ടൊ?

മിസിസ്സ് കെ. എം. ആർ. മേനോൻ: ഞാനും കണ്ടിട്ടുണ്ടെന്നല്ലെ പറഞ്ഞതു്.

മിസ്റ്റർ പത്തൂർ അച്യുതമേനോൻ: ബഹുമാനപ്പെട്ട ലേഡിമെമ്പറും പോയിരുന്നുവൊ?

മിസിസ്സ് കെ. എം. ആർ. മേനോൻ: കണ്ടിട്ടുണ്ടു് എന്നു പറഞ്ഞല്ലൊ. പോകാതെ കാണാൻ സാധിക്കുന്നതു് എങ്ങിനേയാണു്. ഞാൻ നുണപറയുകയാണെന്നാണൊ ബഹുമാനപ്പെട്ട മെമ്പർ കരുതുന്നതു്? രണ്ടാമതു് ഞാൻ ഇതിനെ പിന്താങ്ങിക്കൊണ്ടു പറയുവാനുള്ള കാരണം ഈ ഹോമിയോപ്പതി മരുന്നു് സ്ത്രീകൾക്കും കുട്ടികൾക്കുമാണു് അധികം ഫലപ്രദമായി കണ്ടിട്ടുള്ളതു്; അതുകൊണ്ടാണു്. മിസ്റ്റർ രാജു പറഞ്ഞുവല്ലൊ എറണാകുളത്തു ഒരു ഡിസ്പെൻസറിയുണ്ടെന്നു്. അവിടക്കു് Bleednig after Confinement-ന്നു ഒരു സ്ത്രീയെ കൊണ്ടുപോയി. അവിടത്തെ ഡാക്ടർവന്നു മൂന്നുഡോസു മരുന്നു കൊടുത്തപ്പോൾ സുഖക്കേടു ഭേദമായി. പിന്നെ ഈ മരുന്നു വളരെ മധുരമുള്ള ഒന്നാണു്. അതുകൊണ്ടു സ്ത്രീകൾക്കും കുട്ടികൾക്കും അതു വളരെ പിടിക്കും. അവക്കു് ചവപ്പോ, കയ്പ്പോ ഉള്ള മരുന്നു കുടിക്കുവാൻ വളരെ വിഷമമാണു്. എന്നതന്നെയല്ല അലോപ്പതിക്കും മറ്റും ചിലവാകുന്ന പണത്തിന്റെ പത്തിലൊരുഭാഗംകൊണ്ടു് ഹോമിയോപ്പതി ചികത്സ നടത്തുവാനും സാധിക്കുന്നതാണു്. ഇങ്ങിനെയുള്ള സ്ഥിതിക്കു് ഈവക ചികിത്സാസമ്പ്രദായം നമ്മുടെ നാട്ടിൽ പ്രോത്സാഹിപ്പിക്കേണ്ടതു് തീർച്ചയായിട്ടും ഗവണ്മെണ്ടിന്റെ കടമയാണു്. എറണാകുളത്തുള്ള ഡിസ്പെൻസറയിൽ (St. Joseph's Poor Dispensary) വന്നു പോകുന്ന രോഗികളുടെ എണ്ണം നോക്കിയാൽ ൧൦ ശതമാനവും സ്ത്രീകളും, കുട്ടികളുമായിട്ടാണു് കാണുന്നതു്. പല സുഖക്കേടുകളും അവിടെ മാറിയിട്ടുണ്ടു്. ഈ വിധത്തിൽ ജനങ്ങൾക്കു് ഉപകാരം ചെയ്യുന്ന ഒരു ഡിസ്പെൻസറിയ്ക്കു് മാസം ൨൫൦ രൂ. മാത്രമാണു് ഗവണ്മെണ്ടിൽനിന്നു ഗ്രാന്റു് കൊടുക്കുന്നതെന്നു് കാണുന്നതിൽ ഞാൻ വളരെ സഹതപിക്കുന്നു. പൊതുജനങ്ങൾക്കു് ഉപകാരപ്രദമാകുന്ന ഇത്തരം ഡിസ്പെൻസറികൾ മെഡിക്കൽ ഡിപ്പാർട്ട്മെണ്ടു് ഉണ്ടാക്കേണ്ടതും, അതിനെ ഗവണ്മെണ്ടു പ്രോത്സാഹിപ്പിക്കേണ്ടതുമാണെന്നു പറഞ്ഞുകൊണ്ടു് ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിച്ചുകൊള്ളുന്നു.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: സർ, ഞാൻ ഈ ഖണ്ഡനോപക്ഷേപത്തെ പിൻതാങ്ങുന്നതിനു മുമ്പായിട്ടു് അങ്ങയുടെ ഈ സ്ഥാനാരോഹണത്തിൽ ഞാൻ അങ്ങയെ അനുമോദിച്ചുകൊള്ളുന്നു. ഹോമ്യോപ്പതി സമ്പ്രദായത്തെ പ്രോത്സാഹിപ്പിക്കണം എന്നുള്ള ഉദ്ദേശത്തോടുകൂടി ബുദ്ധിപൂർവ്വം എന്റെ മാന്യസ്നേഹിതൻ ഇവിടെ കൊണ്ടുവന്ന ഉപക്ഷേപത്തെ പിൻതാങ്ങുന്നതിനും എന്റെ ആത്മാർത്ഥത അങ്ങയെ അനുമോദിച്ചതിൽ ഒട്ടും കുറവായിട്ടുള്ളതല്ലെന്നും ഞാൻ ഉറപ്പു പറഞ്ഞുകൊള്ളട്ടെ. സംശയാലുക്കൾ എന്നും സംശയാ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മുക്കളായിട്ടതന്നെ ഇരിക്കും. അവക്കു പ്രത്യേകിച്ചുള്ള ഒരു സ്ഥലം മുമ്പേതന്നെ ഉണ്ടാക്കി വെച്ചിട്ടുണ്ട്. അവക്ക് അവിടേയ്ക്കു പോകാം. ഹോമ്യോപ്പതി സമ്പ്രദായത്തെപ്പറ്റി ഒരു അലോപ്പതി ഡാക്ടർ ഈ നിയമസഭയിൽ ഒരവസരത്തിൽ പറഞ്ഞതായി ഞാൻ ഇപ്പോഴും ഓർക്കുന്നുണ്ട്. തീച്ചയായും ഒരു അലോപ്പതി ഡാക്ടക്ക് താൻ പരിശീലിക്കുന്ന സമ്പ്രദായത്തോടു ചെയ്യാവുന്ന മഹനീയ സേവനമായിട്ടാണ് അദ്ദേഹം അതിനെ കരുതിയതു് എന്നേ ഞാൻ വിചാരിക്കുന്നുള്ളു. കാരണം ആ വിദഗ്ധാനായ ഡാക്ടരെ ഞാൻ നല്ലപോലെ അറിയും. അദ്ദേഹം സ്വന്തജീവിതത്തിൽത്തന്നെ ഹോമിയോപ്പതി, ആയുർവ്വേദ എന്നീ ചികിത്സാ സമ്പ്രദായങ്ങളും സ്വീകരിച്ചുകൊണ്ടിരുന്ന ഒരാളാണ്. അദ്ദേഹം ആലൊപ്പതി വിഷയത്തിൽ ഈ കൊച്ചീരാജ്യത്തിൽ ഒന്നാമത്തെ ഉദ്യോഗസ്ഥനായിരിക്കുന്നകാലത്തു് അദ്ദേഹത്തെ പരിചയപ്പെട്ട അവസരത്തിൽ എനിക്കിതു മനസ്സിലാക്കുവാൻ സാധിച്ചു. അങ്ങിനെയുള്ള ഒരാൾ ഈ നിയമസഭയിൽതന്നെ ഇരുന്നുകൊണ്ടും കൊച്ചീഗവൺമ്മെണ്ടിന്റെ മെഡിക്കൽ വകുപ്പിന്റെ അദ്ധ്യക്ഷതയിൽ ഇരുന്നുകൊണ്ടും ഹോമിയോപ്പതിയെസംബന്ധിച്ചു് ഇവിടെ ചെയ്യുന്ന ഒരു പ്രസ്താവന ഈ സഭയെ അറിയിക്കുന്നതു് സന്ദർഭോചിതമായിരിക്കുമെന്നു വിശ്വസിക്കുന്നു. ഇന്നാത്തെ ഈ വിഷയം ഭൂതകാലത്തെ ഒരു മീനമാസം സെക്ഷനിൽ വന്നിട്ടുണ്ടായിരുന്നു. ഹോമിയോപ്പതി ചികത്സ സമ്പ്രദായം വസൂരി മുതലായ രോഗങ്ങൾക്കു് വളരെ നല്ലതാണെന്നും അതിനാൽ അതിനു എന്തെങ്കിലും ഒന്നു ചെയ്യണമെന്നുമുള്ള ഉദ്ദേശത്തിൽ ഒരു ഖണ്ഡനോപക്ഷേപം ആരോ കൊണ്ടുവന്നിരുന്നു. ആ അവസരത്തിൽ ഈ അവതാരകൻ ഉദ്ധരിച്ച അലോപ്പതി ഡാക്ടരുടെ, അനുകൂലാഭിപ്രായകർത്താവിന്റെ പിൻഗാമിയായിട്ടുള്ള ഒരാൾ പറയുകയുണ്ടായി "ഈ മാരിയമ്മ തുള്ളലിനു"" എങ്ങിനെയാണു് സക്കാരിന്റെ പണം കൊടുക്കുകയെന്നു്. ഹോമിയോപ്പതിയെ അജ്ഞതമൂലം അവഹേളിച്ചെന്നുമാത്രം. അവരുടെ ഈ രണ്ടു നിലയും വിട്ടിട്ടു് എന്റെ വലത്തേഭാഗത്തിരിക്കുന്ന വനിതാ മെമ്പറുടെ നില തരക്കേടില്ല. ഞാൻ അവരോടു ചോദിച്ചു, എന്താണു് നിങ്ങൾ പ്രസവവിഷയത്തിലുംമറ്റും ഹോമിയോപ്പതിക്കു സ്ഥാനമില്ലെന്നു പറഞ്ഞതെന്നു്. അവർ പറയുകയാണു് ശസ്ത്രക്രിയക്കു് ഹോമിയോപ്പതിയിൽ സ്ഥനമില്ലെന്നു് ഞാനതു വിശ്വസിച്ചിട്ടില്ല. അവരുടെ ആ അഭിപ്രായം വാഗ്വാദത്തിനുവേണ്ടി ഞാൻ വകവെച്ചു കൊടുക്കുന്നതായാൽത്തന്നെ ശസ്ത്രക്രിയയൊന്നും കൂടാതെ തന്നെ ചികത്സിക്കുവാനുള്ള കഴിവു് ഹോമിയോപ്പതിക്കുണ്ടെന്നാണു് ഞാൻ പറയുന്നതു്. ഒരു അലോപ്പതി ഡാക്ടറെകൊണ്ടു ചികത്സിപ്പിക്കണമെങ്കിൽ ഒരു ബാങ്കു് കയ്യിലുണ്ടായിരിക്കണം. ഓപ്പറേഷന്റെ ഭാഗ്യം കിടക്കട്ടെ. ഒരു രോഗിയെ ഓപ്പറേഷൻ ചെയ്തുകഴിഞ്ഞാൽ ചിലപ്പോൾ പെട്ടെന്നു മരിച്ചുവെന്നും വരാം. ഇഴുവപേത്രരും, എറണാകുളത്തും മറ്റെവിടേയുംതന്നെ ശസ്ത്രക്രിയ നടത്തുന്നതിൽ മിക്കതും മരിച്ചുപോവുകയാണു് ചെയ്യുന്നതു്. ചിലതു് അതാതു രോഗിയുടെ കാലത്തിന്റെ സ്വഭാവമനുസരിച്ചു് രക്ഷപെട്ട എന്നു വരാവുന്നു. ഹോമിയോപ്പതി ചികത്സയ്ക്കു് സ്ഥാനമില്ലെന്നു പറയുന്നതിനോടു് യോജിക്കുവാൻ എനിക്കു നിവത്തിയില്ല. എന്റെ അനുഭവത്തിൽതന്നെ പറയുകയാണെങ്കിൽ ഒരു പ്രസവക്കേസ്സിന്നു് അല്ലോപ്പൊതി ഡോക്ടറെ കൊണ്ടുവന്നപ്പോൾ അദ്ദേഹം പറഞ്ഞു, ഞാൻ കുട്ടിയെ വലിച്ചെടുക്കുവാനല്ലാ വന്നിരിക്കുന്നതു്; അല്പം സമയം ക്ഷമിക്കു, കുട്ടിയെ എടുക്കാതെ നിവൃത്തിയില്ലാത്ത ഘട്ടത്തിൽ ഞാൻ പറയാം; എന്നു് പറഞ്ഞപ്പോൾ അല്ലോപ്പതി ഡാക്ടരെ ശകാരിക്കുന്നതും കൂടി ഞാൻ കണ്ടിട്ടുണ്ട്. അതുകൊണ്ടു് ഹോമിയോപ്പതിചികിത്സ ഈവക കാര്യങ്ങൾക്കു് പറ്റുകയില്ലെന്നു പറഞ്ഞാൽ അതു് സ്ത്രീസഹജമായ വാശി മാത്രമല്ലാതെ അതിനെപ്പറ്റി ഒന്നും പറയുവാൻ നിവത്തിയില്ല. പിന്നെ ഹോമിയോപ്പതി മരുന്നിനുള്ള ഗുണങ്ങളും രോഗിക്കുള്ള സുഖം, രക്ഷ ഇതൊക്കെ നോക്കുമ്പോൾ വേറെ യാതൊരു വൈദ്യശാസ്ത്രത്തിനും പിന്നിലല്ലെന്നു്, അതിനെപ്പറ്റി പഠിച്ചിട്ടുള്ളവരും ശ്രദ്ധിച്ചിട്ടുള്ളവരും, ആ സമ്പ്രദായംവഴി രക്ഷ കിട്ടീട്ടുള്ളവരും സാക്ഷ്യംവഹിക്കുന്ന ഒരുപരമാർത്ഥമാണു്. പിന്നെ ആ മരുന്നിന്റെ നിറം കണ്ടാൽതന്നെ രോഗികൾക്കു് ഒരാശ്വാസമുണ്ടു്. അതുപോലെതന്നെ അതു കഴിക്കുവാനും ബുദ്ധിമുട്ടില്ല.

ഇവിടെ "ഹെർബോമിനറലാ"യിട്ടു് തുടങ്ങിയ ആ സ്ഥാപനത്തിന്നു് മാസം ഇരുപത്തഞ്ചോ, മുപ്പതോ ഉറുപ്പിക ഗവൺമ്മെണ്ടിൽനിന്നും കൊടുക്കുന്നുണ്ടു്. അതുകൊണ്ടു് തീരെ മതിയാവുന്നതല്ല. കൂടാതെ വേറെയൊരു ഗുണമുള്ളതു് ഹോമിയോപ്പതി മരുന്നുകളെപ്പോലെ വിലകുറഞ്ഞ മരുന്നുകൾ വേറെയൊരു സിസ്റ്റത്തിലും ഉണ്ടെന്നു് ഞാൻ വിചാരിക്കുന്നില്ല. അതുകൊണ്ടു് ഈ ഹോമിയോപ്പതി സിസ്റ്റത്തെ സഹായിക്കുകയാണെങ്കിൽ ഇന്നത്തെ

[Mr. P. Kumaran Ezhuthassan]

ജനറൽ ഹോസ്പിറ്റലും, ഡിസ്പ്പെൻസറി ഹോസ്പിറ്റലുംകൊണ്ട് നടത്തുന്നതിനേക്കാൾ ഗംഭീരമായ തരത്തിൽ രോഗനിവാരണം ഉണ്ടാക്കുവാൻ സാധിക്കും. ഇന്നത്തെ മെഡിക്കൽ വകുപ്പിന്റെ മന്ത്രിയെ എനിക്കു നല്ലപോലെ അറിയാം. ഈ ബഡ്ജറ്റ് സെഷൻ കഴിയുന്നതിനകത്തുതന്നെ അവതാരകൻ സൗകര്യപ്പെടുത്തിത്തരുമെന്നു പറഞ്ഞ സ്ഥാപനത്തിനു ന്യായമായ ഒരു സംഖ്യ കൊടുക്കുവാൻ അദ്ദേഹത്തിനു് കരുത്തുണ്ടാകുമെന്നു് എനിക്കു വിശ്വാസമുണ്ടു്. ഇന്നത്തെ ക്യാബിനറ്റ് ഇതു ചെയ്യുകയാണെങ്കിൽ അതിനു് എതിരു പറയുവാൻ ആരുംതന്നെ ഉണ്ടാകുമെന്നു തോന്നുന്നില്ല. അതുകൊണ്ടു് ഈ കാര്യംകൂടി ഗവൺമെണ്ടു സ്വീകരിച്ചു് അതിനു ആവശ്യമായ ധനസഹായം ചെയ്യണമെന്നപേക്ഷിച്ചുകൊണ്ടു് ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

മിസ്റ്റർ കെ. എച്ചു്. സുലൈമാൻ: സർ, ഈ ഉപക്ഷേപത്തെ ഞാനും പിൻതാങ്ങുന്നു. ഈ ചികിത്സാസമ്പ്രദായത്തിന്റെ മഹത്തായ ഗുണങ്ങളെ സംബന്ധിച്ചു് ഇവിടെ പല പ്രാവശ്യം സംഗികന്മാരും സ്ഥാപിച്ചു കഴിഞ്ഞു. ആ നിലക്കു് ഈ വിഷയത്തെ സംബന്ധിച്ചു് ബഹുമാനപ്പെട്ട ഗവൺമെണ്ടിന്റെ മുമ്പിൽ പറയുവാനുള്ളതു്, ഈ ചികിത്സാസമ്പ്രദായം സാവധാനികമായിട്ടു് തീർന്നിരിക്കുന്ന ഈ കാലഘട്ടത്തിൽ, ഹോമിയോപ്പതി ചികിത്സാസമ്പ്രദായത്തിന്റെ നേരെ നമ്മുടെ ബഹുമാനപ്പെട്ട ഗവൺമെണ്ടു ദൃഷ്ടി പതിക്കാതെകണ്ടിരിക്കുന്നതു് ഒരു ചിറ്റമ്മനയമല്ലെയെന്നാണു്. അതു് ഒരു കൃത്യവിലോപംകൂടിയായിട്ടാണു എനിക്കു തോന്നുന്നതു്. യാതൊരു നിബന്ധനയും, പ്രോത്സാഹനവുമില്ലാത്തതിന്റെ ഫലമായിട്ടു് ഹോമിയോപ്പതി ഡോക്ടർമാർ ദിവസംപ്രതി വർദ്ധിച്ചുവർദ്ധിച്ചാണു വരുന്നതു്. ഏതെങ്കിലും ഒരു ഹോമിയോപ്പതി ഡോക്ടരുടെ ആഫീസ്സിൽ മൂന്നുമാസം ഒരാൾ ഇരുന്നുകഴിഞ്ഞാൽ നാലാം മാസത്തിൽ ആ വെറുതെ ഇരുന്ന ആളുംകൂടി ഒരു ഡോക്ടറായിട്ടുതീരും. അങ്ങിനെ യാതൊരു ശിക്ഷണവും പരിശീലനവും ഇല്ലാത്ത ആളുകൾ ചികിത്സിക്കുന്നുണ്ടെന്നുള്ളതും എനിക്കു പറയുവാൻ സാധിക്കും. അങ്ങിനെയുള്ളവരുടെ ചികിത്സയുടെ ഫലമായിട്ടു് പലവിധത്തിലുള്ള ആപത്തുകളും ഉണ്ടായിട്ടുണ്ടു്. എന്റെ പരിചയത്തിലുള്ള ഒരു രോഗി അലോപ്പതി ഡോക്ടരുടെ ചികിത്സയിലിരിക്കുന്നുണ്ടായിരുന്നു. ഒരിക്കൽ ആ രോഗിക്കു് സുഖക്കേടു വർദ്ധിച്ചപ്പോൾ ആ ഡോക്ടരെ കണ്ടുമുട്ടിയില്ല. അപ്പോൾ ഏതാണ്ടു മൂന്നുനാലുമാസത്തെ പരിശീലനം മാത്രം സിദ്ധിച്ചിട്ടുള്ള ഒരു ഹോമിയോപ്പതി ഡോക്ടരെ സമീപിക്കേണ്ടതായിട്ടുവന്നു. അദ്ദേഹത്തിന്റെ അടുക്കൽ ചെന്നപ്പോൾ രോഗം എന്താണെന്നു ചോദിച്ചു. രക്തം തലയിലേക്കു തിളച്ചുകയറുകയാണെന്നു പറഞ്ഞു. ഡോക്ടർ ഊഹിച്ചു ഇതു് ഉഷ്ണംകൊണ്ടു വന്നതാണെന്നു്! രോഗിയുടെ ആളുകളോടു പറഞ്ഞു കിണറിന്റെ അടുത്തുകൊണ്ടുപോയി ഫ ൦ ൦ ബക്കറ്റു വെള്ളംകൊണ്ടു് തലയിൽ ധാരകൊള്ളണമെന്നു്. ഇതുംപറഞ്ഞു ഡോക്ടർ പോയി. ഉടനെതന്നെ അവർ ചികിത്സയും തുടങ്ങി. ചികിത്സിച്ചുകഴിഞ്ഞു ഏതാണ്ടു രണ്ടുമൂന്നു മണിക്കൂറിനുശേഷം ഈ രോഗി മരിച്ചുപോവുകയും ചെയ്തു. അങ്ങിനെ യാതൊരു പരിശീലനവും, നിയന്ത്രണവുമില്ലാത്ത ഹോമിയോപ്പതി ഡോക്ടർമാർ നാട്ടിൽ ഉണ്ടെന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല. അതുകൊണ്ടു് ഈ വിഷയത്തിൽ നമ്മുടെ ബഹുമാനപ്പെട്ട ഗവൺമെണ്ടിന്റെ ദൃഷ്ടി ഏറ്റവും വേഗത്തിൽ പതിയണമെന്നും, ഈ ചികിത്സാസമ്പ്രദായം അംഗീകരിക്കുകയും ചെയ്യണമെന്നും അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ ഉപക്ഷേപത്തെ അനുകൂലിച്ചുകൊള്ളുന്നു.

Mr. K. Balakrishna Menon *(Cheruthuruthi)*: Sir, I am on my legs only just to associate my party also with the views expressed by my Hon'ble friend Mr. M. K. Raja in the matter of bestowing a greater attention on the Homoeopathic system of medicine. I may incidently bring to the notice of the House that at a time when smallpox had broken out in our place it is the Homoeopathic Doctors who were doing yeomen service there. I don't know anything about Homoeopathi but I understand Sir, so far as somall pox is concerned there is no curative treatment on the Alopathic side. Whereas the Homoeopathy Doctors are concerned they say that they are capable of curing small pox patients and they have shown also that they could do it. In Varoor where patients have been dying in quick succession by smallpox it is the Homoeopathy that did some service there. I therefore join issue with the speakers who have spoken on the subject previously and I request that the Government will take this into serious consideration. I have nothing more to add.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. കെ. കണ്ണൻ: സർ, ഈ പ്രമേയത്തെ പരിപൂർണ്ണമായിട്ട് അനുകൂലിക്കുന്നു. ഹോമിയോപ്പതി ചികിത്സാസമ്പ്രദായം ഇൻഡ്യയിൽ നടപ്പിലായിട്ട് കുറെ അധികം വർഷങ്ങളായിട്ടുണ്ടെങ്കിലും, അതായതു രാജ്യങ്ങളിലെ ഗവൺമെണ്ടുകളുടെ അംഗീകരണം ഇതുവരെ ഈ ചികിത്സാപദ്ധതിക്കു് ലഭിക്കാതെ വന്നിട്ടുള്ളതുകൊണ്ടു് അതിനു ധാരാളം പ്രചരണവും വളർച്ചയും കിട്ടിക്കഴിഞ്ഞിട്ടില്ലെന്നുള്ളതു് ഒരു പരമാർത്ഥംമാത്രമാണു്. അതുകൊണ്ടു് ഈ ചികിത്സാസമ്പ്രദായത്തെ പ്രോത്സാഹിപ്പിക്കേണ്ടതായ ഒരു കടമ ഗവൺമെണ്ടിനുണ്ടെന്നു പറയാതെ തരമില്ല. ഇതു് വളരെ ആദായകരമായ ഒരു ചികിത്സാസമ്പ്രദായമാണെന്നു് ഇവിടെ പറഞ്ഞിട്ടുള്ളതു് ഒരു വാസ്തവംമാത്രമാണു്. ഗവൺമെണ്ടു ഈ ചികിത്സാസമ്പ്രദായം എത്രയും വേഗത്തിൽ അംഗീകരിക്കുന്നതു് പാവപ്പെട്ട ആളുകൾക്കു് വലിയ ഒരു ഉപകാരമായിരിക്കുമെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. അതുകൊണ്ടു് ഞാൻ സോഷ്യലിസ്റ്റ് പാർട്ടിയുടെ പേരിലും, സ്വന്തം നിലയിലും ഈ കട്ടു്മോഷനെ ശക്തിയായി അനുകൂലിച്ചുകൊള്ളുന്നു.

Mr. P. K. Paul *(Chalakkudi)*: Sir, I extend my support to this motion before the House. The reasons which have prompted me to support this are the following. It is a very cheap and chasty one. It can be taken by all—by man and woman alike as also by young and old. Besides in many cases it is proved to be a penacia for certain incurable diseases which could not be cured otherwise, by known methods. That is clear from the statement of a very eminent Doctor, the late Doctor V. Verghese (May his soul rest in peace) and who has given very strong opinion about the efficacy of this medicine. I do not want to expaciate further on the merits of this. I support this and it may be given a trial atleast as an experimental scheme, in our State where we feel the greatest dearth of Doctors; for many dispensaries are without Doctors now.

*മിസ്റ്റർ പി. നാരായണമേനോൻ: സർ, ഹോമിയോപ്പതി ചികിത്സയെക്കുറിച്ചും അതിന്റെ പല വശങ്ങളെക്കുറിച്ചും ഇവിടെ പ്രസ്താവിക്കുകയുണ്ടായി. അതിൽ എനിക്കു അഭിപ്രായവ്യത്യാസമില്ല. എന്നാൽ മറ്റൊരൊ വൈദ്യശാസ്ത്രങ്ങളെ അപേക്ഷിച്ചു് ഇതിനും ചില നിയമങ്ങളൊക്കെയുണ്ടു്. അലോപ്പതിയിലാണെങ്കിൽ സർജ്ജറി ഒരു വിഭാഗം മറ്റു വൈദ്യശാസ്ത്രങ്ങൾക്കില്ലാത്ത വിധത്തിൽ പ്രത്യേക ഒരു വിഭാഗമുള്ളതായി കാണാം. അതുപോലെതന്നെ ഹോമിയോപ്പതിയിൽ മറ്റു വൈദ്യശാസ്ത്രങ്ങളിലില്ലാത്ത ചില മേന്മയുണ്ടു്. പകർച്ചവ്യാധിയെ സംബന്ധിച്ചു നോക്കുകയാണെങ്കിൽ വസൂരി, കോളറ മുതലായ വയ്യും അങ്ങിനെയുള്ള രോഗികളുടെ അടുത്തിരുന്നു ശുശ്രൂഷിക്കുന്നതിനും സാധാരണ ഡോക്ടർമാരും, വൈദ്യന്മാരും സാമാന്യത്തിലധികം ഭയപ്പെടുകാണുന്നുണ്ടു്. എന്നാൽ ഹോമിയോപ്പതി ഡോക്ടർമാർക്കു് ഈ കാര്യത്തിൽ തീരെ ഭയമില്ലെന്നു മാത്രമല്ല; അവർക്കു അങ്ങിനെയുള്ള രോഗികളുമായിട്ടുള്ള അടുപ്പംകൊണ്ടൊ, അവരെ ശുശ്രൂഷിക്കുന്നതുകൊണ്ടൊ ഈ രോഗം പകരുന്നതായിട്ടു കാണുന്നില്ല. അതിനുള്ള കാരണം അവർ ഉപയോഗിക്കുന്ന മരുന്നുകളുടേയും, ശുശ്രൂഷകളുടേയും ഫലമാണു്. പകർച്ചവ്യാധിയുള്ള ആളുകളെ ശുശ്രൂഷിക്കുന്നതിനും, അടുത്തു പെരുമാറുന്നതിനും ഭയപ്പെടാനില്ലെന്നാണു് അവർ ഉറപ്പുപറയുന്നതു്. ഈ നിലവെച്ചു നോക്കുമ്പോൾ ഏറ്റവും പറ്റിയ വൈദ്യശാസ്ത്രവും, ഏറ്റവും പറ്റിയ വൈദ്യന്മാരും ഹോമിയോപ്പതിയിലല്ലേയെന്നു് ഞാൻ പലപ്പോഴും ആലോചിക്കാറുണ്ടു്. അതു ഏതാണ്ടു ശരിയാണെന്നാണു എന്റെ പൂർണ്ണമായിട്ടുള്ള വിശ്വാസം. മുമ്പു് പ്രസംഗിച്ച ബഹുമാനപ്പെട്ട അംഗം ഇതിനെപ്പറ്റി സൂചിപ്പിക്കുകയുണ്ടായതു് പകർച്ചവ്യാധികൾക്കു് ഇങ്ങിനെയുള്ള ഹോമിയോപ്പതിവൈദ്യന്മാരുടെ ചികിത്സ വളരെ സഹായമാണെന്നാണു്. ഞാനും ഈ അഭിപ്രായത്തിൽ വിശ്വസിക്കുന്നു. അതുകൊണ്ടു് ഈ കാര്യത്തിൽ ഗവൺമെണ്ടു് പ്രത്യേകം മനസ്സിരുത്തിയാൽ നന്നായിരിക്കുമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ കട്ടു്മോഷനെ പിൻതാങ്ങിക്കൊള്ളുന്നു.

President: To-morrow Government Bills and Legislative business will be continued after questions and answers.

The House rose for the day at 5 p.m.

P. NARAYANA SWAMY

Secretary

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly